# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം

നമ്പർ : 7203. 3..11..2011-ൽ മറുപടിക്ക്

## ക്ഷീരകർഷകരുടെ ക്ഷേമത്തിനായി പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. റ്റി. യു. കുരുവിള, ശ്രീ. മോൻസ് ജോസഫ്.** | **ശ്രീ. കെ.സി. ജോസഫ്, (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്ത് ക്ഷീരകർഷകരുടെ ക്ഷേമത്തിനായി എന്തെല്ലാം പുതിയ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (എ) സംസ്ഥാനത്ത് ക്ഷീരകർഷകരുടെ ക്ഷേമത്തിനായി വകുപ്പിന്റെ കീഴിൽ ക്ഷീരകർഷക ക്ഷേമനിധി നിലവിൽ ഉണ്ട്. ക്ഷീരകർഷക പെൻഷൻ, വിവാഹ ധനസഹായം വിദ്യാഭ്യാസ ധനസഹായം, കുടുംബപെൻഷൻ എന്നിങ്ങനെ വിവിധ ക്ഷേമ പ്രവർത്തനങ്ങൾ നടത്തിവരുന്നു. 60 വയസ്സു കഴിഞ്ഞ ക്ഷീര കർഷകർക്കാണ് പെൻഷൻ ഏർപ്പെടുത്തിയിട്ടുള്ളത്. സംഘത്തിൽ പാൽ അളക്കുന്ന ക്ഷീരകർഷക ക്ഷേമനിധിയിലെ അംഗങ്ങളായ ക്ഷീരകർഷകരുടെ മക്കൾക്കുവേണ്ടിയാണ് വിവാഹ ധനസഹായം, വിദ്യാഭ്യാസ ധനസഹായം എന്നിവ നൽകി വരുന്നത്. കൂടാതെ ക്ഷീര വികസന വകുപ്പ് വിവിധങ്ങളായ പദ്ധതികൾ ക്ഷീരകർഷരുടെ ക്ഷേമത്തിനായി നടപ്പിലാക്കി വരുന്നുണ്ട്. തീറ്റപ്പുൽ കൃഷി പദ്ധതി, എം.എസ്.ഡി.പി., കാലിത്തീറ്റ ധനസഹായം, വിജ്ഞാനവ്യാപന പ്രവർത്തനങ്ങൾ മുതലായവയാണ് ക്ഷീരകർഷകരുടെ ക്ഷേമത്തിനായി നടപ്പാക്കി വരുന്നത്. |
| (ബി) ഗ്രാമീണ മേഖലയിൽ എന്തെല്ലാം പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്; | (ബി) പാൽ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി വിവിധ പദ്ധതികൾ ക്ഷീര വികസന വകുപ്പ് ഗ്രാമീണ മേഖലയിൽ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. കാലിത്തീറ്റ സബ്സിഡി, തീറ്റപ്പുൽ കൃഷി വികസന പദ്ധതി, മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതി തുടങ്ങി വിവിധ പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്. |

| | |
|---|---|
| (സി) ക്ഷീര കർഷകരുടെ ക്ഷേമത്തിനായി കേന്ദ്ര സഹായം ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഇവർക്ക് പെൻഷൻ ഏർപ്പെടുത്താൻ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്? | (സി) സ്വീകരിക്കും. ക്ഷീരകർഷകർക്ക് നിലവിൽ ക്ഷീരകർഷക ക്ഷേമനിധി ബോർഡ് വഴി പെൻഷൻ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.